# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *119

30.01.2018-ന് മറുപടിയ്ക്ക്

## സ്ക്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് പദ്ധതി

**ചോദ്യം**

ശ്രീ.കെ. ബാബു
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.സി.കെ. ഹരീന്ദ്രൻ
,, പി.ടി.എ. റഹീം

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സ്ക്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എ) സ്ക്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് എല്ലാ സ്കൂളുകളിലും ലഹരി വിമുക്ത ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളിലെ കുട്ടികൾക്ക് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമൂലമുള്ള ദൂഷ്യവശങ്ങൾ സംബന്ധിച്ച് കൗൺസിലിംഗ് നൽകുന്നുണ്ട്. മാത്രമല്ല സ്കൂൾ തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും, സ്കൂളിന്റെ 100 വാര ചുറ്റളവിൽ ലഹരി വസ്തുക്കളുടെ വിൽപ്പന നിരോധിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, 'വിമുക്തി', കോളേജ് അദ്ധ്യാപകർക്കായി ഏകദിന ശില്പശാല നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. 'വിമുക്തി'യുടെ ഭാഗമായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ശനിയാഴ്ചകളിൽ കോളേജുകളിൽവച്ച് നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

ലഹരി വിരുദ്ധ മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും, ലഹരിപദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും, അതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന വിവരങ്ങൾ, വിവിധ വിഷയങ്ങളുടെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾ ലഹരി വ്യാപാരത്തിന്റെ ഇടനിലക്കാരാകുന്നത് തടയുന്നതിനും വിദ്യാലയങ്ങളുടെ സമീപത്ത് ലഹരിപദാർത്ഥങ്ങളുടെ ലഭ്യത ഇല്ലാതാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം സംബന്ധിച്ച് എല്ലാ സ്കൂളുകളിലും ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. സ്കൂളിന്റെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളും ലഹരി പദാർത്ഥങ്ങളും വിൽക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് എക്സൈസ്, പോലീസ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ കോളേജ് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. സ്കൂളുകളിലെ അക്കാദമിക മാസ്റ്റർപ്ലാനിൽ ലഹരിവിമുക്ത പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് എതെല്ലാം വകുപ്പുകളുടെ ഏകോപനമാണ് സാധ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(സി) വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ്, ആഭ്യന്തര വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ ഏകോപനവും സാദ്ധ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ